**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4715** **19-03-2025 - ൽ മറുപടിയ്ക്ക്**

**തുമ്പത്തടം കിണർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയുടെ എരമം-കുറ്റൂർ ഗ്രാമപ്പഞ്ചായത്തിലെ ജലസ്രോതസ്സായി കണ്ടെത്തിയ തുമ്പത്തടം കിണർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | പദ്ധതിയുടെ കിണർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പമ്പ് സെറ്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ വൈദ്യുതി കണക്ഷനു വേണ്ടി 14.10.2024-ന് കെ.എസ്.ഇ.ബിക്ക് പണം ഒടുക്കിയിട്ടുണ്ട്. കിണറിലേക്ക് ജലലഭ്യത ഉറപ്പ് വരുത്തുവാൻ ആവശ്യമായ തടയണയുടെ ഡിസൈൻ അംഗീകരിക്കുന്നതിന് വേണ്ടി മണ്ണ് പരിശോധന നടത്തുവാൻ ജലസേചന വകുപ്പിന് കത്ത് നൽകി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഐ.ഡി.ആർ.ബി. മണ്ണ് പരിശോധന നടത്തുന്നതിനായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പദ്ധതി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ തടയണയുടെ ഡിസൈനിൽ ഭേദഗതികൾ ആവശ്യമായതുകൊണ്ടാണ് കാലതാമസം നേരിട്ടത്. |
| (സി) | നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മണ്ണ് പരിശോധന നടത്തി ഡിസൈൻ അംഗീകാരം ലഭ്യമാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ